# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അസമിൽ 23,550 കോടി രൂപയുടെയും പശ്ചിമ ബംഗാളിൽ 18,680 കോടി രൂപയുടെയും വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ശിലാസ്ഥാപനം നിർവ്വഹിക്കും

   **Prime Minister Narendra Modi will lay the foundation stone of various development projects worth Rs 23,550 crore in Assam and Rs 18,680 crore in West Bengal today.**

2. ഹോർമുസ് കടലിടുക്കിൽ ഇന്ത്യൻ കപ്പലുകളുടെ സുരക്ഷിത സഞ്ചാരത്തിനുള്ള നടപടികൾ ഉടൻ പ്രതീക്ഷിക്കാമെന്ന് ഇന്ത്യയിലെ ഇറാൻ അംബാസഡർ മുഹമ്മദ് ഫത്താലി.

   **Iranian Ambassador to India Mohammad Fatali said that steps can be expected soon for the safe passage of Indian ships in the Strait of Hormuz.**

3. ഭൗമരാഷ്ട്രീയ സംഘർഷങ്ങൾക്കിടയിലും ഇന്ത്യയുടെ വളർച്ചാ അനുമാനം 7.5% ആയി ഉയർത്തി ഫിച്ച് റേറ്റിംഗ്സ്.

   **Fitch Ratings has raised India's growth forecast to 7.5% despite geopolitical tensions.**

4. കേരള സംസ്ഥാന ചലച്ചിത്ര നയത്തിന് ഇന്നലെ ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകി.

   **The Kerala state film policy was approved by the cabinet meeting held yesterday.**

5. നാമനിർദ്ദേശ പത്രികാ സമർപ്പണത്തിനുള്ള അവസാന ദിനത്തോടനുബന്ധിച്ച് കേരളത്തിൽ അന്തിമ സംയോജിത

വോട്ടർ പട്ടിക പുറത്തിറക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ.

**The final combined voters' list will be released in Kerala before the last day for filing nominations, says the Chief Electoral Officer.**

6. **FIH ഹോക്കി ലോകകപ്പ് യോഗ്യത നേടി ഇന്ത്യൻ വനിതാ ടീം**

**Indian women's team qualifies for the FIH Hockey World Cup.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# PM ASSAM VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അസമിലെ സിൽചാറിൽ 23,550 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ശിലാസ്ഥാപനം നിർവ്വഹിക്കും.

ഒരു റിപ്പോർട്ട്....

(വോയ്സ്)

സിൽചാറിലെ അംബികാപുരിൽ നടക്കുന്ന ചടങ്ങിൽ മൂന്ന് പ്രധാന വികസന പദ്ധതികളുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവഹിക്കും. ഏകദേശം 22,864 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സിൽചാർ അതിവേഗ ഇടനാഴി, ടൗൺ ഫ്ലൈഓവർ, പഥാർകണ്ടി കാർഷിക കോളേജ് എന്നിവ പദ്ധതികളിൽ ഉൾപ്പെടുന്നു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി അസമിലെത്തിയ പ്രധാനമന്ത്രി ഇന്നലെ ഗുവാഹട്ടിയിൽ ഒട്ടേറെ വികസന പദ്ധതികളുടെ ഉദ്ഘാടനവും, ശിലാസ്ഥാപനവും നിർവഹിച്ചു. പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു അദ്ദേഹം വിതണം ചെയ്തു. 9 കോടി 32 ലക്ഷത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,640 കോടി രൂപയാണ് ഈ ഘട്ടത്തിൽ കൈമാറിയത്.

ന്യൂസ് ഡസ്ക് ആകാശവാണി...

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

# PM - KOLKATA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പശ്ചിമ ബംഗാളിൽ 18,680 കോടി രൂപ യുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവ്വഹിക്കും. 420 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ദേശീയപാത പദ്ധതികൾ, ഹാൽദിയ ഡോക്ക് കോംപ്ലക്സിലെ നവീകരണ പ്രവർത്തനങ്ങൾ

എന്നിവ ഇതിൽ ഉൾപ്പെടുന്നു. പുരുലിയ-ആനന്ദ് വിഹാർ ടെർമിനൽ എക്സ്പ്രസ് ഫ്ലാഗ് ഓഫ് ചെയ്യുന്ന പ്രധാനമന്ത്രി, അമൃത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച ആറ് റെയിൽവേ സ്റ്റേഷനുകൾ നാടിന് സമർപ്പിക്കും. ഖരഗ്പൂർ-മോറെഗ്രാം സാമ്പത്തിക ഇടനാഴിയുടെ ഭാഗമായുള്ള പുതിയ ദേശീയപാത പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും. വികസന പദ്ധതികൾക്ക് പുറമെ ബിജെപി സംഘടിപ്പിക്കുന്ന റാലിയിലും അദ്ദേഹം സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MODI - PAZESHKIAN

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇറാൻ പ്രസിഡന്റ് മസൂദ് പെഷേഷ്കിയനുമായി ചർച്ച നടത്തി. സംഘർഷം തുടരുന്ന സാഹചര്യത്തിൽ ഊർജ്ജത്തിന്റെയും ചരക്കുകളുടെയും തടസ്സ രഹിതമായ ഗതാഗതത്തിന്റെ പ്രാധാന്യം ഇരുവരും ഊന്നിപ്പറഞ്ഞു. ഇറാൻ ഉൾപ്പെടെ ഗൾഫ് മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയും ക്ഷേമവും സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. വിദേശകാര്യ മന്ത്രാലയത്തിൽ സ്ഥാപിച്ചിട്ടുള്ള കൺട്രോൾ റൂം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഇതുവരെ 900 ഫോൺ കോളുകളും 200 ഇമെയിലുകളും ലഭിച്ചിട്ടുണ്ടെന്നും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## SAFE PASSAGE TO INDIA (INTRO)

ഹോർമുസ് കടലിടുക്കിലൂടെ ഇന്ത്യൻ കപ്പലുകളുടെ സുരക്ഷിതമായ സഞ്ചാരത്തിനുള്ള നടപടികൾ ഉടൻ പ്രതീക്ഷിക്കാമെന്ന് ഇന്ത്യയിലെ ഇറാൻ അംബാസഡർ മുഹമ്മദ് ഫത്താലി. ഇന്ത്യ ഇറാന്റെ സുഹൃത്താണെന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ ഇറാൻ അംബാസഡർ വ്യക്തമാക്കി. മേഖലയിൽ സമാന താത്പര്യങ്ങൾ പങ്കിടുന്ന രാജ്യങ്ങളാണ് ഇന്ത്യയും ഇറാനുമെന്നും അദ്ദേഹം പറഞ്ഞു.

(Voice)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## CONFLICT IN WEST ASIA

പശ്ചിമേഷ്യയിലെ സംഘർഷം പതിനഞ്ചാം ദിനത്തിലേക്ക് കടന്നു. ഫെബ്രുവരി 28 ന് "ഓപ്പറേഷൻ എപ്പിക് ഫ്യൂറി" ആരംഭിച്ച ശേഷം ഇതുവരെയും

സംഘർഷം അയയുന്നതിനുള്ള സൂചനകളൊന്നുമില്ല. ഇതിനിടെ ഇറാൻ, ലെബനൻ, ഇസ്രായേൽ എന്നിവിടങ്ങളിലായി മരണസംഖ്യ രണ്ടായിരം കടന്നു. ഇറാൻ മിസൈലുകൾ തുർക്കി വ്യോമാതിർത്തിയിൽ പ്രവേശിച്ച തോടെ പിരിമുറുക്കം കൂടുതൽ വർദ്ധിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ തുടർന്നാൽ പ്രതികരിക്കുമെന്ന് തുർക്കി വിദേശകാര്യ മന്ത്രി മുന്നറിയിപ്പ് നൽകി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## FACT CHECK

ഇന്ത്യൻ നാവികസേന ഇറാനെതിരെ നീങ്ങിയെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഹോർമുസ് കടലിടുക്ക് തുറന്നില്ലെങ്കിൽ ഇറാനിലെ സൈനിക കേന്ദ്രങ്ങൾ ഇന്ത്യ ആക്രമി ക്കുമെന്ന് ഭീഷണിപ്പെടുത്തിയെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് മന്ത്രാലയത്തിൻ്റെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PREZ PURPLE FEST

രാജ്യവികസനത്തിൽ ദിവ്യാംഗർ സുപ്രധാന പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നടന്ന പർപ്പിൾ ഫെസ്റ്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ദിവ്യാംഗർമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാനുള്ള വേദിയാണ് ഫെസ്റ്റെന്നും സാഹിത്യം, കായികം, ശാസ്ത്രം തുടങ്ങിയ വിവിധ മേഖലകളിൽ ദിവ്യാംഗർ ശ്രദ്ധേയമായ നേട്ടങ്ങൾ നേടിയിട്ടുണ്ടെന്നും ശ്രീമതി മുർമു കൂട്ടിച്ചേർത്തു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## VP - HIMACHAL PRADESH

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് ഹിമാചൽ പ്രദേശ് സന്ദർശിക്കും. ധരംശാലയിൽ ഹിമാചൽ പ്രദേശ് കേന്ദ്ര സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. ധരംശാല യുദ്ധ സ്മാരകത്തിൽ ഉപരാഷ്ട്രപതി ആദരം അർപ്പിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## VP - OFFICER TRAINEES

സത്യസന്ധരായ നികുതിദായകരെ എപ്പോഴും ബഹുമാനത്തോടെ പരിഗണിക്കണമെന്നും, എന്നാൽ നികുതി വെട്ടിപ്പ് കർശനമായി കൈകാര്യം ചെയ്യണമെന്നും ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. ഇന്ത്യൻ റവന്യൂ സർവീസ് ട്രെയിനികളെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നികുതി സമ്പ്രദായം സുതാര്യവും, പക്ഷപാതരഹിതവും നികുതിദായകസൗഹാർദ്ദവുമായി തുടരണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT

ഉപധനാഭ്യർത്ഥനകൾക്കും, ധനവിനിയോഗ ബില്ലിനും ലോക്സഭ ഇന്നലെ അംഗീകാരം നൽകി. ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചയ്ക്ക് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ മറുപടി നൽകി. രണ്ട് ലക്ഷത്തി 81,000 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് പാർലമെൻറിൻറെ പരിഗണനയിൽ വന്നത്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ ഭേദഗതി ബിൽ, 2026 കേന്ദ്ര മന്ത്രി വീരേന്ദ്രകുമാർ ഇന്നലെ സഭയിൽ അവതരിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## FITCH RATINGS

ഭൗമരാഷ്ട്രീയ സംഘർഷങ്ങൾക്കിടയിലും ഇന്ത്യയുടെ വളർച്ചാ അനുമാനം 7.5% ലേക്ക് ഉയർത്തി ഫിച്ച് റേറ്റിംഗ്സ്. 2026 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷം ജിഡിപി 7.5 ശതമാനം വളർച്ച കൈവരിക്കുമെന്ന് ഫിച്ച് പുറത്തിറക്കിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. നേരത്തെ പ്രവചിച്ചിരുന്ന 7.4 ശതമാനത്തേക്കാൾ കൂടുതലാണിത്. യുഎസ് സമ്പദ്‌വ്യവസ്ഥയുടെ വളർച്ച 2.2 ശതമാനമായിരിക്കുമെന്നും ചൈനയുടേത് 5 ശതമാനത്തിൽ നിന്ന് 4.3 ആയി കുറയുമെന്നും ഫിച്ച് പ്രവചിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## KERALA CINEMA POLICY

സാംസ്കാരിക വകുപ്പ് തയ്യാറാക്കിയ കേരള സംസ്ഥാന ചലച്ചിത്ര നയത്തിന് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. ചലച്ചിത്ര മേഖലയെ കൂടുതൽ പ്രൊഫഷണലാക്കുന്നതിനും കലാകാരന്മാരുടെയും തൊഴിലാളികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സഹായകമായ 92 പ്രധാന ശുപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് പുതിയ നയം. നയം.

## KANNUR - CM

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിലെ വിവിധ പരിപാടി കളിൽ പങ്കെടുക്കും. രാവിലെ 10.30-ന് മാലൂർ സ്കൂൾ കെട്ടിടോദ്ഘാടനം നിർവഹിക്കുന്ന മുഖ്യമന്ത്രി തുടർന്ന് ഇരിവേരി കമ്യൂണിറ്റി ഹെൽത്ത് സെൻ്ററർ കെട്ടിടം ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് വേങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടോദ്ഘാടനം ചെയ്യുന്ന മുഖ്യമന്ത്രി വൈകിട്ട് പാലയാട് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് കെട്ടിടത്തിൻ്റെയും കണ്ണൂർ സർവകലാശാല ഡോ. ജാനകി അമ്മാൾ കാമ്പസ് വനിതാ ഹോസ്റ്റലി ൻ്റെയും മറ്റ് വികസന പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നിർവഹിക്കും.

## VOTER ENROLLMENT (INTRO)

കേരളത്തിലെ തെരഞ്ഞെടുപ്പിനു മുൻപുള്ള അന്തിമ സംയോജിത വോട്ടർ പട്ടിക നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണ ത്തിനുള്ള അവസാന ദിനത്തോട് അടുത്തു പുറത്തിറക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ അറിയിച്ചു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

(വോയ്സ്)

## FIH HOCKEY WORLD CUP

FIH വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫയർ സെമിഫൈനലിൽ ഇറ്റലിയെ പരാജയപ്പെടുത്തി ഇന്ത്യ. ഇതോടെ ടീം 2026 ലോകകപ്പിന് യോഗ്യത നേടി. ഹൈദരാബാദിലെ GMC ബാലയോഗി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഏകപക്ഷീയമായ ഒരു ഗോളിനാണ് ഇന്ത്യ വിജയിച്ചത്.

## ISL

ഐഎസ്എല്ലിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകുന്നേരം 5 മണിക്കാണ് മത്സരം. നിലവിൽ പോയിന്റ് പട്ടികയിൽ കേരളം 13ാമതും

ഈസ്റ്റ് ബംഗാൾ അഞ്ചാമതുമാണ്. ഇന്ന് വൈകിട്ട് 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ബംഗളൂരു മോഹൻബഗാനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## NEPAL - INDIA RELATIONS

നേപ്പാളിലെ പുതിയ സർക്കാർ ഇന്ത്യയുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് നേപ്പാൾ അംബാസഡർ ശങ്കർ പ്രസാദ് ശർമ്മ. പ്രതിനിധിസഭാ തിരഞ്ഞെടുപ്പ് സമാധാനപരമായും സമയബന്ധിതമായും നടന്നത് നേപ്പാളിലെ സുസ്ഥിര ജനാധിപത്യ പ്രക്രിയ പ്രതിഫലിപ്പിക്കുന്നു. ഇരു രാജ്യങ്ങൾക്കുമിടയിൽ ശക്തമായ ബന്ധമുണ്ടെന്നും പുതിയ സർക്കാർ അത് പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## HEAT WAVE

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കുമെന്ന് കാലാവസ്ഥ വിഭാഗം അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁